പോലും മരിച്ചാൽ സ്വർഗ്ഗത്തു പോവുകയില്ല. ഇന്ന് ഗവൺമെന്റിന്റെ നിയമമനുസരിച്ചുള്ള കമ്മീഷൻ കൊടുത്താൽ ഹോൾസെയിൽ കടകളിൽ നിന്ന് റേഷൻ വ്യാപാരികൾക്ക് റേഷൻ എടുത്തുകൊണ്ടുപോയി റീടെയിൽ കടകളിൽ വിൽക്കാൻ സാധിക്കുകയില്ല. ഇപ്പോൾ പഞ്ചസാര കിലോയ്ക്ക് 4.40 രൂപയ്ക്ക് വിൽക്കണമെന്നാണ് നിയമം. ഉദാഹരണമായി പൂഞ്ഞാർ എടുത്താൽ പാലായിൽനിന്ന് എടുത്ത് പാതാമ്പുഴ കൊണ്ടുപോകുമ്പോൾ ഇതിന്റെ വണ്ടിക്കൂലി ഉൾപ്പെടെ, 4.41 പൈസ ഒരു കിലോ പഞ്ചസാരയ്ക്ക് റേഷൻകടക്കാരൻ ഹോൾസെയിൽ കടക്കാരന് കൊടുക്കണം. അങ്ങനെയാണെങ്കിൽ 4.40 രൂപയ്ക്ക് റേഷൻ പഞ്ചസാര ഉപഭോക്താക്കൾക്ക് കിട്ടുകയില്ല. അപ്പോൾ റേഷൻ കച്ചവടക്കാർ അളവിലും തൂക്കത്തിലും വ്യത്യാസം വരുത്തി ലാഭമുണ്ടാക്കാൻ ശ്രമിക്കും. അവരെ എന്തിനാണ് നമ്മൾ നരകത്തിൽ കൊണ്ടുപോകുന്നത്? അതുകൊണ്ട് ഈ കമ്മീഷനിൽ മാറ്റം വരുത്തി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് റേഷൻ കിട്ടുന്നതിനാവശ്യമായ തീരുമാനമെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ.ബീരാൻ): സർ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ 1984 ജനുവരി 16-ാം തീയതി വർദ്ധിപ്പിച്ചുകൊടുക്കുകയുണ്ടായി. റേഷൻ വ്യാപാരികളുടെ അസോസിയേഷന്റെയും മറ്റും നിരന്തരമായ ആവശ്യങ്ങളെ തുടർന്നാണ് കുറെ കാലത്തിനുശേഷം ഇങ്ങനെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുത്തത്. ഇന്ന് ഒരു ക്വിന്റലിന് ഒരു രൂപാവീതം കമ്മീഷൻ അവർക്ക് വർദ്ധിപ്പിച്ചു കൊടുക്കുകയുണ്ടായി. ഇനിയിപ്പോൾ വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. ഇനി ഇത് വർദ്ധിപ്പിച്ചാൽ റേഷൻ അരിയുടെ വിലയെ ബാധിക്കും. അതിനുംപുറമെ കേന്ദ്രഗവൺമെന്റിന്റെ വ്യക്തമായ നിർദ്ദേശവും ഉണ്ട്—കേന്ദ്രത്തിൽനിന്നു നൽകുന്ന സാധനങ്ങളാണ് നമ്മുടെ റേഷൻ ഷാപ്പുകളിൽ കൂടി വിതരണം ചെയ്യുന്നത്—ഇതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിന്റെ നിർദ്ദേശം കേന്ദ്രത്തിന്റെ ഇഷ്യൂ പ്രൈസും സ്റ്റേറ്റ് ഗവൺമെന്റിന്റെ സെല്ലിംഗ് പ്രൈസും തമ്മിൽ വില വ്യത്യാസത്തിൽ 15 രൂപയിൽ കവിയാൻ പാടില്ലെന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾതന്നെ ഇത് 16 രൂപമുതൽ 21 രൂപ വരെ ആയിട്ടുണ്ട്. അതുകൊണ്ട് ഈ അവസരത്തിൽ തൽക്കാലം റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല എന്നുള്ള വസ്തുത ഖേദസമേതം അറിയിക്കുന്നു.

(v) പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളുടെ സമരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്വകാര്യ മേഖലയിൽ പുതിയതായി 15 പോളിടെക്നിക്കുകൾ തുടങ്ങാനും ഷൊർണൂരിൽ ഒരു ആയുർവ്വേദ കോളേജ് തുടങ്ങാനുമുള്ള ഗവൺമെന്റ് തീരുമാനത്തിനെതിരായി കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കഴിഞ്ഞ കുറച്ചു നാളുകളായി സമരംചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് വിദ്യാർത്ഥികൾ സംസ്ഥാനത്തുടനീളം പഠിപ്പുമുടക്കിയിരിക്കുകയാണ്. സ്വകാര്യ വിദ്യാഭ്യാസരംഗത്ത് സ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ അനുവദിക്കുന്ന ഈ ഗവൺമെന്റിന്റെ നയം അവസാനിപ്പിക്കാൻ തയ്യാറാകുമോ; പഠിപ്പുമുടക്ക് അവസാനിപ്പിക്കാൻ മുൻകൈ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സ്വകാര്യ മേഖലയിൽ 15 പോളിടെക്നിക്കുകൾ കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. മന്ത്രിസഭ ഈ കാര്യം വിശദമായി പരിശോധിച്ചതിനുശേഷമാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ഇങ്ങനെ ഒരു തീരുമാനം എടുത്തത് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്നതുകൊണ്ടാണ്. ഈ വർഷം തന്നെ അപേക്ഷിച്ച വളരെ ചുരുക്കം കുട്ടികൾക്കേ പ്രവേശനംകൊടുക്കാൻ നമുക്കു സാധിച്ചുള്ളൂ. അതായത് ഏകദേശം പത്തുമുപ്പത്താറായിരത്തോളം അപേക്ഷകരിൽ കിട്ടിയതിൽ 2,792 കുട്ടികൾക്കു മാത്രമേ പ്രവേശനം കൊടുക്കാൻ സാധിച്ചുള്ളൂ. തെക്കേ ഇൻഡ്യയിലെ നാല് സ്റ്റേറ്റുകളുമായി നമ്മുടെ സ്റ്റേറ്റിനെ താരതമ്യപ്പെടുത്തി അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആന്ധ്രാ പ്രദേശിൽ ഇപ്പോൾ 49 പോളിടെക്നിക്കുകളുണ്ട്, 6200 കുട്ടികൾക്ക് പ്രവേശനം കൊടുക്കാൻ കഴിയുന്നു. തമിഴ്നാട്ടിൽ 68 പോളിടെക്നിക്കുകളുണ്ട്, പതിനായിരത്തിലേറെ കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയുന്നു. കർണ്ണാടക സ്റ്റേറ്റിൽ 64 പോളിടെക്നിക്കുകളുണ്ട്. 8840 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയുന്നു. എന്നാൽ കേരളത്തിൽ ആകെയുള്ളത് 22 പോളിടെക്നിക്കുകളാണ്. നമുക്ക് പ്രവേശനം കൊടുക്കാൻ കഴിയുന്നത് 2792 കുട്ടികൾക്കാണ്. മറ്റ് സംസ്ഥാനങ്ങളിലും സ്വകാര്യമേഖലയിൽ കൂടുതൽ പോളിടെക്നിക്കുകൾ കൊടുത്തിട്ടുണ്ട്. ഇവിടെ കർക്കശമായ നിയന്ത്രണത്തോടുകൂടിയാണ് പോളിടെക്നിക് കൊടുത്തിരിക്കുന്നത്. ഇതുവരെ ഉണ്ടായിരുന്ന നിയമം എന്നു പറയുന്നത് പ്രൈവറ്റ് മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുമ്പോൾ അതിന്റെ മൂലധന ചെലവിന്റെ 75 ശതമാനം സർക്കാർ വഹിക്കും 25 ശതമാനം മാനേജുമെന്റ് വഹിക്കും എന്നുള്ളതായിരുന്നു. എന്നാൽ ഇപ്പോൾ അനുവദിക്കുന്ന പോളിടെക്നിക്കുകളിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന നയം എന്നു പറയുന്നത് മൂലധനച്ചെലവിന്റെ 75 ശതമാനം മാനേജുമെന്റ് വഹിക്കും 25 ശതമാനം ഗവൺമെന്റ് വഹിക്കും എന്നുള്ളതാണ്. അതുപോലെ തന്നെ ആവർത്തന ചെലവിന്റെ കാര്യവും. ഇപ്പോൾ സ്വകാര്യ പോളിടെക്നിക്കുകൾക്കെല്ലാം ആവർത്തനച്ചെലവ് ഗവൺമെന്റ് തന്നെയാണ് കൊടുക്കുന്നത്. എന്നാൽ ഇപ്പോൾ ആവർത്തനച്ചെലവിന്റെ 75 ശതമാനം ഗവൺമെന്റും 25 ശതമാനം മാനേജുമെന്റും വഹിക്കണം എന്നാക്കി മാറ്റിയിട്ടുണ്ട്. അഡ്മിഷന്റെ കാര്യത്തിലാണെങ്കിൽ 75 ശതമാനവും മെറിറ്റ് അടിസ്ഥാനത്തിലെ നടത്താൻ പാടുള്ളൂ. ഡി. റ്റി. ഇ. കൊടുക്കുന്ന ലിസ്റ്റിൽനിന്നുമാത്രമേ കുട്ടികളെ പ്രവേശിപ്പിക്കാൻ പാടുള്ളൂ. ഇത്രമാത്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുമാത്രമാണ് ഗവൺമെന്റ് ഇത് ചെയ്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യത്തെ കരുതി മാത്രമാണിത്. അല്ലാതെ സ്വകാര്യമേഖലയെ അമിതമായി പ്രോൽസാഹിപ്പിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ പൊതുവായ പുരോഗതി എന്നുള്ള നിലയിൽ ഈ സമീപനം സ്വീകരിച്ചതിൽ വിദ്യാർത്ഥികളും മറ്റുള്ളവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(vi) അട്ടപ്പാടി മേഖലയിലെ വരൾച്ച മൂലമുള്ള കെടുതിയും കാർഷിക തകർച്ചയും

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, നമ്മുടെ കേരളത്തിൽ വെള്ളപ്പൊക്കത്തിന്റെ കെടുതിയാണെങ്കിൽ അട്ടപ്പാടി മേഖലയിൽ വരൾച്ച

LIBRARY ARCHIVES Kerala Legislative Assembly